# സുന്ദരൻ  ഞാനും സുന്ദരി നീയും

അവനും അവളും.

അവൻ അവളോട് പറഞ്ഞു

“ഞാൻ സ്നേഹിക്കുന്നു”

അവളും അവനോട് പറഞ്ഞു

‘‘നിന്നെ ഞാൻ സ്നേഹിക്കുന്നു’’

അവൻ അവളെ മാറോടു ചേർത്ത് നിർത്തി, കുളിച്ചീറൻ തുവരാത്ത് കാർകുന്തലിൽ  തലോടി, തന്നിലെ ചൂട് അവളിലേക്ക് പകർന്ന്,  അവളിലെ ശൈത്യം തന്നിലേയ്ക്ക് ആവാഹിച്ച്, അനന്തവും അവാച്യവുമായൊരു അനുഭൂതിയുടെ കരകാണാകടലിലൂടെ നീന്തിത്തുടിക്കവെ അവളുടെ  കാതുകളിൽ മന്ത്രിച്ചു.

“നീ വിശ്വസുന്ദരിയാണ്”

അവളും തിരുമൊഴി നല്കി.

‘‘നീയെന്റെ കാമദേവനാണ്’’

‘‘സുന്ദരി നീയും സുന്ദരൻ ഞാനും ചേർന്നിരുന്നാൽ......?’’

‘‘ഉത്സവമായി’’

അതെ അവനാകെ ഒരു ഉത്സവത്തിന്റെ തിമർപ്പിലായിരുന്നു.

മാനത്ത്കൂടി  പറന്ന് കളിക്കുന്ന മഞ്ഞക്കിളി അവനാണെന്ന് തോന്നി,
മുറ്റത്തുനിന്ന് കൂവുന്ന പൂങ്കോഴിയും അവനാണെന്നു തോന്നി,

ക്ഷേത്രത്തിനു മുന്നിലെ അരയാൽ വൃക്ഷവും, തിടമ്പെടുത്ത് എഴുന്നെള്ളുന്ന കുട്ടിക്കൊമ്പനും  അവനായി,.

ഇക്കാണുന്നതെല്ലാം, ഈ കേൾക്കുന്നതെല്ലാം, ഈ അറിയുന്നതെല്ലാം അവനായി.

അവന്റെ ഹൃദയം വികസിതമാകുകയായിരുന്നു.

അനന്തവും അവാച്യവുമായൊരു തലത്തിലേയ്ക്ക്.............

ഭൂഗർഭത്തിൽനിന്നും കുഴൽക്കിണർവഴി പുറത്തേയ്ക്ക് ജലം ഒഴുകും പോലെ അവനിൽ അടിഞ്ഞുകിടന്നിരുന്ന ആർദ്രതയിൽനിന്നും സ്നേഹത്തിന്റെ ഉറവകളെ പുറത്തേയ്ക്കൊഴുകാൻ അവൾ കാരണമാകുകയായിരുന്നു.

അവൻ സ്നേഹത്തിന്റെ വാഹകനായി, ഗായകനായി.............

കണ്ണീർകണങ്ങളെ അവൻ വിരലുകളാൽ തുടച്ചകറ്റി., തളർന്ന കാലലുകൾക്ക് അവൻ കാലുകളായി., തളർന്ന കൈകൾക്ക് അവൻ കൈകളായി.......

ഇക്കാണുന്നതിലൊന്നിനേയും വിട്ട് അവൻ ഒന്നുമാകാനാവില്ലെന്ന അറിവ് അവനിൽ നിറഞ്ഞുനിന്നു.

വിശാലലോകത്തോടുകൂടി അവൻ കൈകൾ വീശി നടന്നു, ആകാശത്തുകൂടി പറന്നുനടന്നു, വെള്ളത്തിലൂടെ നീന്തി തുടിച്ചു.

അവന്റെ കണ്ണുകൾ കരുണാർദ്രമായി, അവന്റെ വചനങ്ങൾ സ്നേഹപ്രവാഹമായി..............

അന്നൊരിക്കൽ,

അവളോടൊത്ത് വിശ്രമിക്കവെ,

അവളുടെ മടിയിൽ മയങ്ങിക്കിടക്കവെ

അവൾ അവന്റെ കാതിൽ മന്ത്രണം പോലെ ചോദിച്ചു.

“നിന്റെ വീടിന് മാർബിൾ പതിച്ച ചുവരുകളും തറകളുമുണ്ടോ ?”

“ഇല്ലല്ലോ !”

“നിന്റെ മുറികൾ ഏ.സികളാണോ ?”

“അല്ലല്ലോ!”

“സമയം പോക്കുവാൻ കേബിൾ കണക്ഷനും, വി.സി.ആറുമുണ്ടോ?”

“ഇല്ലല്ലോ......”

“അറ്റ്ലീസ്റ്റ്, എൽ.പി.ജി കണക്ഷൻ, വാഷിംഗ് മെഷീൻ, ഫ്രിഡ്ജ്.......”

“ഇല്ല.............ഇല്ല...................ഇല്ല...”

“എങ്കിൽ നിന്നോടൊത്ത് എനിക്ക് ജീവിയ്ക്കാനാവില്ല”

ഉടൻ അവന്റെ തല മടിയിൽ നിന്നും തള്ളിയകറ്റി അവൾ എഴുന്നേറ്റു നടന്നകന്നു.

അവൻ അർദ്ധപ്രജ്ഞനായി നോക്കിനിന്നു.

പിന്നെ അവൻ പൊട്ടിച്ചിതറിപ്പോയി.................

ചിതറിയ തുണ്ടുകൾ ഒന്നിച്ചുകൂടിയപ്പോൾ ഒരായിരം തലകളുള്ളവനായി, ഒരായിരം ഉടലുകളും, അതിനുവേണ്ട കൈകാലുകളുമുള്ളവനായി............

ഭീമാകാരനായൊരു രാക്ഷസ്സനായി.

@@@@@@